"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ഭൂവിനിയോഗ വകുപ്പ് - തൃശ്ശൂർ മേഖലാ കാര്യാലയത്തിലെ നിരാകരണം ചെയ്യപ്പെട്ട KL-01-S-910 നമ്പർ വാഹനത്തിന് പകരമായി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.100/2026/P&EA തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:- ഭൂവിനിയോഗ കമ്മീഷണറുടെ 28/06/2025,22/01/2026 തീയതികളിലെ എൽ.യു.ബി/274/2025-D നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഭൂവിനിയോഗ വകുപ്പിന്റെ തൃശ്ശൂർ മേഖലാ കാര്യാലയത്തിൽ നിലവിലുള്ള വാഹനം തുടർച്ചയായുള്ള ദീർഘദൂര യാത്രകൾ മൂലവും 12 വർഷത്തിലേറെ കാലപ്പഴക്കം ചെന്നതിനാലും ഇടയ്ക്കിടെ പ്രവർത്തന രഹിതമാകുന്നുവെന്നും ആയതിന്റെ അറ്റകുറ്റപ്പണികൾക്കായി തുകയും സമയവും ചിലവഴിക്കേണ്ടി വരുന്നു എന്നും ഫീൽഡ് പ്രവർത്തനങ്ങൾക്കിടയിൽ വച്ച് തകരാറുകൾ സംഭവിക്കുന്നത് മൂലം സ്ത്രീകൾ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും വാഹനത്തിന്റെ ലഭ്യതക്കുറവ് ഫീൽഡ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്നും തന്മൂലം പലപ്പോഴും വാടക വാഹനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടാകാറുണ്ടെന്നും ഭൂവിനിയോഗ കമ്മീഷണർ പരാമർശത്തിലെ കത്തുകൾ പ്രകാരം അറിയിച്ചിരുന്നു.

2. വനമേഖലകളിലും ദുർഘടമായ പാതകളിലും വാടക വാഹനങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിയുണ്ടെന്നും ലഭ്യമായാൽ തന്നെ സാമ്പത്തികമായും പ്രായോഗികമായും വകുപ്പിന് ബാധ്യത ഉളവാക്കുന്നതുമാണെന്നും വാഹനത്തിന്റെ അഭാവം പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമവും സമയബന്ധിതവുമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു എന്നും മേൽ സാഹചര്യങ്ങൾ പരിഗണിച്ച്, മേഖലാ കാര്യാലയത്തിലെ നിരാകരണം ചെയ്യപ്പെട്ട KL-01-S-910 നമ്പർ വാഹനത്തിന് പകരമായി, 2402-00-001-96 (Resource Survey at Panchayath and Block Level) പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ ഉപയോഗിച്ച്, മധ്യ-വടക്കൻ കേരളത്തിലെ ഫീൽഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി, ദുർഘടമായ വനമേഖലകളിൽ ഉപയോഗിക്കാൻ അനുയോജ്യമായ നാല് വീൽ ഡ്രൈവുള്ള

ഫ്യൂവൽ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും ഭൂവിനിയോഗ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭൂവിനിയോഗ വകുപ്പിന്റെ തൃശ്ശൂർ മേഖലാ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്ക് വിദൂര പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യേണ്ട സാഹചര്യമുണ്ട്. വാഹനത്തിന്റെ അഭാവം പദ്ധതി നിർവ്വഹണത്തെ ദോഷകരമായി ബാധിക്കും എന്ന വസ്തുത കണക്കിലെടുത്ത്, നിരാകരണം ചെയ്യപ്പെട്ട **KL-01-S-910** നമ്പർ വാഹനത്തിന് പകരമായി, **2402-00-001-96**-പ്ലാൻ ശീർഷകത്തിൽ വാഹനം വാങ്ങുന്നതിന് നീക്കി വെച്ചിട്ടുള്ള തുക ഉപയോഗിച്ച്, **10 ലക്ഷം രൂപയിൽ താഴെ വിലയുള്ള** ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, ഭൂവിനിയോഗ വകുപ്പ് തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ്
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Unnikrishnan Nair. B. S
Date: 06-03-2026 10:28:37
സെക്ഷൻ ഓഫീസർ